# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 20**

---

## ദക്ഷിണ കൊറിയൻ സംയുക്ത ഗവേഷണ പ്രോജക്ടിന് എം.ജി സർവകലാശാലയ്ക്ക് പേറ്റൻറ്

ദക്ഷിണ കൊറിയയിലെ ഇൻഹ സർവകലാശാലയുമായി ചേർന്നു നടത്തിയ നാനോ ടെക്നോളജി ഗവേഷണത്തിലെ കണ്ടുപിടുത്തത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഇന്ത്യൻ പേറ്റൻറ്.

ഡോ. എലിസബത്ത് ഫ്രാൻസിസിൻറെ പി.എച്ച്.ഡി ഗവേഷണത്തിൻറെ ഭാഗമായി പോളിവിനൈൽ ക്ലോറൈഡും കാർബൺ നാനോട്യൂബുകളും ചേർന്നുള്ള നാനോ കോമ്പസിറ്റുകൾകൊണ്ട് നിർമിച്ച കപ്പാസിറ്റീവ് ടെമ്പറേച്ചർ സെൻസറിനാണ് പേറ്റന്റ്. താപനില പത്തു ഡിഗ്രി സെൽഷ്യസ് മുതൽ 50 ഡിഗ്രി സെൽഷ്യസ് വരെ നിയന്ത്രിച്ചു നിർത്താൻ കഴിയുന്ന സെൻസറുകൾ കേവലം ഒരു വാൾട്ടിൽ 20 ഹെർട്സ് മുതൽ 100 ഹെർടസ് വരെ ഫ്രീക്വൻസിയിലാണ് പ്രവർത്തിക്കുക.

താപനില പരിശോധിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത വർധിപ്പിക്കാൻ ഉപകരിക്കുന്നതാണ് പുതിയ കണ്ടുപിടുത്തം.

മഹാത്മാ ഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസിൻറെയും ബംഗലുരൂവിലെ എജ്യുക്കേഷണൽ പ്ലാറ്റ്ഫോമായ കോൺക്ലാവിറ്റിന്റെ പ്രസിഡന്റ് ഡോ. കെ.ടി. വർഗീസിന്റെയും കീഴിലാണ് ഡോ. എലിസബത്ത് ഫ്രാൻസിസ് ഗവേഷണം ആരംഭിച്ചത്. ഇൻഹ സർവകലാശാലയ്ക്കു കീഴിലുള്ള ഇഞ്ചിയോൺ ടെക്നോളജിക്കൽ സെന്ററിൽ ഡോ. ജെയ്യാൻ കിമിന്റെ മേൽനോട്ടത്തിൽ നടത്തിയ പഠനത്തിൽ ഡോ. കോ ഹ്യുൻ യുവും പഠനത്തിൽ പങ്കാളിയായിരുന്നു. ഡോ. എൻ.വി. സേവ്യർ വിനയ് രാജിൻറെ (യു.കെ) ഭാര്യയാണ് ഡോ. എലിസബത്ത്.

(പി.ആർ.ഒ/39/173/2024)

## സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന കൗൺസിലിംഗ്, മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസബലിറ്റീസ്, യോഗിക് സയൻസ് സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു അല്ലെങ്കിൽ പ്രീ ഡിഗ്രി. കോഴ്സ് ഫീസ് 5200 രൂപ. പ്രവേശനം യഥാക്രമം മാർച്ച് 12, 13, 14 തീയതികളിൽ നടക്കും.

അപേക്ഷകർ അസ്സൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ, കോഴ്സ് ഫീസ് എന്നിവ സഹിതം ഡിപ്പാർട്ട്മെന്റിൽ എത്തണം.

ഫോൺ: 04812733399, 08301000560, വെബ്സൈറ്റ്: വേുേ:://റഹഹല.ാഴൗ.മര.ശി/

(പി.ആർ.ഒ/39/174/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ സിബിസിഎസ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്), ആറാം സെമസ്റ്റർ സിബിസിഎസ് ബി.എസ്.സി സൈബർ ഫോറൻസിക്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് മാർച്ച് രണ്ടു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.
മാർച്ച് നാലു വരെ ഫൈനോടു കൂടിയും മാർച്ച് അഞ്ചിനു സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/175/2024)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എംഎസ്സി ബയോഇൻഫോർമാറ്റിക്സ്(സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷനുകൾ - റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 23 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/176/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**